# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 30-11-2013

# ഡയറ്റ് ലക്ചർമാരെ പിരിച്ചുവിടാനുള്ള നീക്കം ഉപേക്ഷിക്കണം

**കെ.എസ്.ടി.എ**

അധ്യാപകരെ പിരിച്ചുവിട്ട് ഡയറ്റുകളെ ദുർബ്ബലപ്പെടുത്താനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. 2008-09 ൽ നിയമിക്കപ്പെട്ട 70 പേർക്കാണ് പിരിച്ചുവിടലിന് മുന്നോടിയായുള്ള നോട്ടീസ് നൽകിയിരിക്കുന്നത്. നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ ഉൾപ്പെടെയുള്ള നിയമാനുസൃതമായ നടപടികളിലൂടെയാണ് ലക്ചർമാരെ നിയമിച്ചത്. നിലവിലുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ ലക്ചർമാരെ റഗുലറൈസ് ചെയ്യാതെ രണ്ടുവർഷമായി അനിശ്ചിതാവസ്ഥ സൃഷ്ടിക്കുകയായിരുന്നു. നൂറിലധികം തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. സെലക്ഷൻ ലിസ്റ്റിലുള്ള 12 പേർക്കുകൂടി നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ട്രിബ്യൂണൽ വിധിയെ ദുർവ്യാഖ്യാനം ചെയ്താണ് നിലവിലുള്ളവരെ പിരിച്ചുവിടാനുള്ള നീക്കം നടത്തുന്നത്. ട്രിബ്യൂണൽ വിധിയെ തുടർന്ന് സെലക്ഷൻ കമ്മിറ്റി പരിശോധന നടത്തിയാണ് പിരിച്ചുവിടാനുള്ള തീരുമാനമെടുത്തിരിക്കുന്നതെന്നാണ് ഔദ്യോഗിക വിശദീകരണം. സെലക്ഷൻ കമ്മിറ്റി എന്ന് രൂപീകരിച്ചെന്നോ, നിയമനവുമായി ബന്ധപ്പെട്ട പുനഃപരിശോധന എന്തിന്റെ അടിസ്ഥാനത്തിലായിരുന്നെന്നോ വ്യക്തമല്ല. പിരിച്ചുവിടൽ ഭീഷണിയിലൂടെ ഡയറ്റുകളുടെ പ്രവർത്തനത്തെ താളം തെറ്റിക്കാനാണ് നീക്കം. പൊതുവിദ്യാഭ്യാസ വകുപ്പിലെ അക്കാദമിക് മികവുകളുടെ കേന്ദ്രങ്ങളാണ് ഡയറ്റുകൾ. നിലവിലുള്ള ലക്ചർമാരെ പിരിച്ചുവിടുന്നതിലൂടെ ഡയറ്റുകളെ ദുർബ്ബലപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. 30 ലക്ചർമാർ ആവശ്യമുള്ള ഡയറ്റുകളിൽ 20 ൽ താഴെ പേർ മാത്രമേ നിലവിലുള്ളൂ. ലിസ്റ്റിലുള്ള 12 പേരെക്കൂടി നിയമിച്ച് ബാക്കി വരുന്ന 50 ലധികം ഒഴിവുകൾ നികത്താനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം. പിരിച്ചുവിടലിനായി പറഞ്ഞിരിക്കുന്ന കാരണങ്ങളൊന്നും നിയമപരമായി നിലനിൽക്കുന്നതല്ല. ഡയറ്റ് ലക്ചർമാരെ പിരിച്ചുവിടാനുള്ള നീക്കം ഉപേക്ഷിച്ച് നിലവിലുള്ള ഒഴിവുകളിൽകൂടി നിയമനം നടത്താനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം ഷാജഹാൻ പ്രസ്താവിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി